# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1120 06.02.2020 ൽ മറുപടിക്ക്**

## സംസ്ഥാന ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

**ചോദ്യം**

എ) സംസ്ഥാനത്ത് ദേശീയപാത വികസനം മന്ദഗതിയിൽ ആകുന്നതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

ബി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള സംസ്ഥാന ധനവിഹിതം സമയബന്ധിതമായി നൽകും എന്ന് ഉറപ്പ് നൽകിയിട്ടും ദേശീയ പാത വികസനത്തിന്റെ മെല്ലെപ്പോക്കിന്റെ പ്രധാന കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

**ഉത്തരം**

എ) ബി) & സി) ദേശീയപാത വികസന പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരികയാണ്. ഇത്തരം പ്രവൃത്തികൾ പുരോഗമിക്കുന്നതിനിടയിൽ സംസ്ഥാനത്തെ എൻ എച്ച് 66 വികസനം priority രണ്ടിലേക്ക് മാറ്റിക്കൊണ്ട് NHAI ഉത്തരവിറക്കിയതിന്റെ ഭാഗമായി സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെ നിർത്തിവച്ചിരുന്നു. എന്നാൽ ബഹു.മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയുമായി കത്തിലൂടെയും നേരിട്ടും ചർച്ച ചെയ്തതിന്റെ ഭാഗമായി മുൻഗണന രണ്ടിലേക്ക് മാറ്റിയ ഉത്തരവ് പിൻവലിക്കുകയായിരുന്നു.

സ്ഥലമേറ്റെടുപ്പിന്റെ വിലയുടെ 25% സംസ്ഥാന സർക്കാർ നൽകണമെന്ന ആവശ്യവും അംഗീകരിക്കുകയും, അതിനുള്ള ധാരണാപത്രം കേന്ദ്ര സർക്കാരുമായി ഒപ്പ് വയ്ക്കുകയും ചെയ്തു. അതിനുശേഷവും കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല. കാസർഗോഡ് ജില്ലയിലെ രണ്ട് പ്രോജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ ഇതുവരെ തുറന്നിട്ടില്ല. കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിന്റെ SFC (Standing Finance Committee) യോഗം ചേർന്ന് ഇതിനു അംഗീകാരം നൽകേണ്ടതുണ്ട്. എന്നാൽ SFC യോഗം ചേർന്ന്

അംഗീകാരം നൽകാത്തതിനാൽ ഒരു വർഷത്തോളമായി ടെണ്ടർ തുറക്കുവാൻ കാലതാമസം നേരിടുന്നു. സംസ്ഥാനം ചെയ്തു കൊടുക്കേണ്ടതെല്ലാം ചെയ്തു കഴിഞ്ഞാലും, NHAI യുടെയും MoRTH ന്റെയും നടപടിക്രമങ്ങളിൽ വലിയ കാലതാമസം നേരിടുന്നുണ്ട്. ടെണ്ടർ കഴിഞ്ഞു കരാർ വെച്ച കോഴിക്കോട് ബൈപ്പാസ് പോലും കരാറുകാരന്റെ അനാസ്ഥയും സാമ്പത്തിക പരാധീനതയും കാരണം ഇതുവരെ തുടങ്ങാനായിട്ടില്ലായെന്നത് ഇതിന് തടസ്സത്തിന്റെയും ബൈപ്പാസിന്റെയും ഉദാഹരണമാണ്. ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്ത് മന്ത്രിയും പ്രവൃത്തി വേഗത്തിലാക്കാൻ ആവശ്യമായ ഇടപെടൽ കേന്ദ്രമന്ത്രിയുമായി നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ